# ഗ്രാമവികസന കമ്മീഷണറേറ്റിലെ
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം.

(ഹാജർ: അജിത് ദാസ്.എ)

വിഷയം:- ഗ്രാമവികസന വകുപ്പ്- ജീവനക്കാര്യം- സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം- പേരാവൂർ ബ്ലോക്ക് ഓഫീസിലെ ശ്രീ.അനിൽ കുമാർ. റ്റി.എസ്., സീനിയർ ക്ലാർക്ക് സമർപ്പിച്ച പരാതിയിൻമേൽ നടപടി സ്വീകരിച്ച് ഉത്തരവാകുന്നു.

സൂചന:- 1) കണ്ണൂർ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ന്റെ 12.07.2018 ലെ ആർ.ഡി1/1605/18 നമ്പർ കത്ത്

2) ഈ ഓഫീസിലെ 23.09.2016 ലെ 24520/എസ്റ്റാ.സി3/06/സി.ആർ.ഡി. നമ്പർ ഉത്തരവ്

3) ഈ ഓഫീസിലെ 02.12.2005 ലെ 7042/എസ്റ്റാ.എ4/05/സി.ആർ.ഡി. നമ്പർ ഉത്തരവ്

4) ഈ ഓഫീസിലെ 28.06.2014 ലെ 24520/എസ്റ്റാ.സി3/2006/സി.ആർ.ഡി. നമ്പർ ഉത്തരവ്

**ഉത്തരവ് നം.10989/എസ്റ്റാ.സി.3/2018/സിആർഡി(1) തീയതി:13.08.2018**

കണ്ണൂർ ജില്ലയിൽ പേരാവൂർ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ ശ്രീ.അനിൽ കുമാർ.റ്റി.എസ്.നെ ഈ ഓഫീസിലെ സൂചന (2) ഉത്തരവ് പ്രകാരം 10.02.2016 മുതൽ പ്രാബല്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നു. എന്നാൽ സ്ഥാനക്കയറ്റത്തിന് ആവശ്യമായ അക്കൗണ്ട് ടെസ്റ്റ് യോഗ്യത 01/2014 പ്രാബല്യത്തിൽ നേടിയിരുന്ന ടിയാനെ ടി തീയതിക്കുശേഷം നിലവിൽ വന്ന 17.02.2014 തീയതി പ്രാബല്യത്തിലുള്ള സീനിയർ ക്ലാർക്കിന്റെ ഒഴിവിലേയ്ക്ക് പരിഗണിച്ചിട്ടില്ലെന്നും പകരം ടിയാനേക്കാൾ ജൂനിയറായ ജീവനക്കാരനെ പ്രസ്തുത ഒഴിവിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചതായും അതിനാൽ സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാന്റെ സ്ഥാനം ജൂനിയറായ ജീവനക്കാരെക്കാൾ താഴെയായി ക്രമീകരിക്കപ്പെട്ടതായും ശ്രീ.അനിൽ കുമാർ.ടി.എസ്. പരാതിപ്പെട്ടിട്ടുണ്ടെന്ന് കണ്ണൂർ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) സൂചന (1) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത പരാതി പരിഗണിച്ച് ടിയാന് സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ അർഹമായ സ്ഥാനം നിർണ്ണയിച്ച് നൽകുന്നതിന് സൂചന (1) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

ശ്രീ.അനിൽ കുമാർ.റ്റി.എസ്. ന്റെ അപേക്ഷയും സൂചന (1) ശിപാർശയും പരിഗണിച്ചതിൽ, സീനിയർ ക്ലാർക്കുമാരുടെ സൂചന (3) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ടിയാന്റെ സീനിയോറിറ്റി നമ്പർ 88 ആണെന്നും 17.02.2014 തീയതി പ്രാബല്യത്തിൽ ടിയാന് സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടെന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പേരാവൂർ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ സീനിയർ ക്ലാർക്കായ ശ്രീ.അനിൽ കുമാർ റ്റി.എസ് - ന് 17.02.2014 മുതൽ പ്രാബല്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി സൂചന (2) ഉത്തരവ് ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവാകുന്നു. സൂചന (2) ഉത്തരവിന്റെ അവശേഷിക്കുന്ന ഭാഗം മാറ്റമില്ലാതെ തുടരുന്നതാണ്. 01.07.2013 മുതൽ 29.02.2016 വരെ കാലയളവിലെ സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാന് അർഹമായ സ്ഥാനം നിർണ്ണയിച്ച് നൽകുന്ന കാര്യം പിന്നീട് പരിഗണിക്കുന്നതാണ്.

സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ടിയാന് സ്ഥാനക്കയറ്റം നൽകിയ ഉത്തരവ് ഭേദഗതി ചെയ്ത വിവരം ബന്ധപ്പെട്ട ആഫീസ് മേധാവി ടിയാന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തുന്നതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

വ്യക്തിയ്ക്ക്

പകർപ്പ്:

അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) കണ്ണൂർ
ബ്ലോക്ക് ഡെലവപ്മെന്റ് ഓഫീസർ, പേരാവൂർ ബ്ലോക്ക്, കണ്ണൂർ ജില്ല
എസി & എഡി സെക്ഷൻ, സി.ആർ.ഡി.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.
പി & എം സെക്ഷൻ, സി.ആർ.ഡി. (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഉത്തരവിൻ പ്രകാരം

13/4/16

ജൂനിയർ സൂപ്രണ്ട്